# KERALA POLICE INFORMATION CENTRE

No.18/PR/PIC/PHQ/10 Date : 25/02/10

## ഇന്ത്യാ റിസർവ്വ് – ബറ്റാലിയൻ – കമാൻഡോ വിംഗ് പോലീസ് കോൺസ്റ്റബിൾ തസ്തികയിലേക്കുള്ള എൻഡ്യുറൻസ് ടെസ്റ്റ് തീയതി നിശ്ചയിച്ചു

പോലീസ് വകുപ്പിൽ ഇന്ത്യാ റിസർവ്വ് ബറ്റാലിയനിലെ കമാൻഡോ വിംഗിലേക്ക് പോലീസ് കോൺസ്റ്റബിൾ തസ്തികയ്ക്ക് (Category No.CMD/09) അപേക്ഷ അയച്ചിട്ടുള്ള ഉദ്യോഗാർത്ഥികൾക്കായി 2010 മാർച്ച് 2 മുതൽ 16 വരെ സംസ്ഥാനത്തെ നാല് കേന്ദ്രങ്ങളിൽ വച്ച് എൻഡ്യുറൻസ് ടെസ്റ്റ് നടത്തുന്നതാണ്. തിരുവനന്തപുരം, കൊല്ലം ജില്ലകളിലുള്ള അപേക്ഷകർക്ക് തിരുവനന്തപുരത്തുള്ള വേളി ബോട്ട് ക്ലബ് പാർക്കിംഗ് ഗ്രൗണ്ടും പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിലുള്ള അപേക്ഷകർക്ക് ആലപ്പുഴ എസ്.ഡി കോളേജ് ഗ്രൗണ്ടും എറണാകുളം, തൃശ്ശൂർ, പാലക്കാട് ജില്ലകളിലുള്ള അപേക്ഷകർക്ക് തൃശൂർ രാമവർമ്മപുരത്തെ കെ.എ.പി-I ഗ്രൗണ്ടും മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലുള്ള അപേക്ഷകർക്ക് കോഴിക്കോട്ട് ബീച്ച് റോഡിലുള്ള ഇൻഡസ് മോട്ടോർസ് ഗോഡൗൺ ജംഗ്ഷനുമാണ് കേന്ദ്രങ്ങളായി നിശ്ചയിച്ചിട്ടുള്ളത്. എൻഡ്യുറൻസ് ടെസ്റ്റിനുള്ള അഡ്മിഷൻ ടിക്കറ്റ് ഉദ്യോഗാർത്ഥികൾക്ക് ഈ മാസം 20 മുതൽ പി.എസ്.സിയുടെ വെബ്സൈറ്റിൽ നിന്ന് (www.keralapsc.org) ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതാണ്. ഉദ്യോഗാർത്ഥികൾ നിശ്ചിത മാതൃകയിലുള്ള ഫോട്ടോ ഒട്ടിച്ച അഡ്മിഷൻ ടിക്കറ്റ് സഹിതം അഡ്മിഷൻ ടിക്കറ്റിൽ പറഞ്ഞിട്ടുള്ള കേന്ദ്രത്തിൽ യഥാസമയം എത്തിച്ചേരേണ്ടതാണ്. ഇതുസംബന്ധിച്ച് ഉദ്യോഗാർത്ഥികൾക്ക് വ്യക്തിഗത മെമ്മോ അയക്കുന്നതല്ല. യാതൊരു കാരണവശാലും പരീക്ഷാകേന്ദ്രങ്ങളിലോ സമയത്തിലോ മാറ്റം അനുവദിക്കുന്നതല്ല.

കൂടുതൽ വിവരങ്ങൾക്ക് www.keralapsc.org എന്ന website സന്ദർശിക്കുക.

The contents of this document may be deemed to be based on received information which is subject to further verification